(ബി) മത്സ്യത്തൊഴിലാളികൾക്ക് പലിശരഹിത വായ്പ നൽകുന്നതു സംബന്ധിച്ച് മത്സ്യഫെഡ് മത്സ്യബന്ധന തുറമുഖ വകുപ്പിന് ഒരു പദ്ധതി സമർപ്പിച്ചിട്ടുണ്ട്.

(സി) മത്സ്യത്തൊഴിലാളികൾക്ക് മറ്റു മേഖലയിൽ ഉള്ളതിനേക്കാൾ കുറഞ്ഞ പലിശ നിരക്കിൽ പലിശ രഹിത വായ്പകൾ നൽകുവാനാണ് മത്സ്യ ഫെഡ് ലക്ഷ്യമിട്ടിട്ടുള്ളത്.

സഹകരണ സ്ഥാപനങ്ങളിലെ നിയമനത്തിനുള്ള കാലതാമസം

168 (952)ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. വഴിയുള്ള നിയമനം നീണ്ടുപോകുന്നതുകൊണ്ട് സഹകരണ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലതാമസം ഒഴിവാക്കി എത്രയുംവേഗം പി.എസ്.സി. വഴി നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) പി.എസ്.സി.യ്ക്ക് നിയമനം വിടുവാൻ തീരുമാനിച്ചിട്ടുള്ള സഹകരണ സ്ഥാപനങ്ങളിൽ എത്ര പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് ഗവൺമെന്റ് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കണക്ക് എത്രയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പി.എസ്.സി.യുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(സി) 1999 മാർച്ച് മാസത്തെ കണക്കുകൾ പ്രകാരം 1501 ഒഴിവുകൾ ഉണ്ട്.

ഉപഭോക്തൃ സഹകരണസംഘങ്ങൾ സ്ഥാപിക്കാൻ നടപടി

169 (953)ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 50 തൊഴിലാളികളെങ്കിലും ഉള്ള വ്യവസായ സ്ഥാപനങ്ങളിൽ ഉപഭോക്തൃ സഹകരണസംഘങ്ങൾ സ്ഥാപിക്കുന്നതിന് സെൻട്രലി സ്പോൺസേർഡ് പദ്ധതി നിലവിലുണ്ടോ;

(ബി) സർക്കാർ ഉടമയിലുള്ള എത്ര വ്യവസായ സ്ഥാപനങ്ങളിൽ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്; സ്വകാര്യ ഉടമയിൽ എത്ര; പുതുതായി സ്ഥാപിക്കാനുദ്ദേശിക്കുന്നവ എത്ര; വിശദമാക്കുമോ?

ഉത്തരം

(എ) നിലവിലില്ല.

(ബി) സർക്കാർ ഉടമയിലുള്ള വ്യവസായ സ്ഥാപനങ്ങളിൽ 64 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ 14 എണ്ണം കൺസ്യൂമർ സംഘങ്ങളും 50 എണ്ണം ക്രെഡിറ്റ് സംഘങ്ങളുമാണ്. സ്വകാര്യ ഉടമയിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ സ്ഥാപനങ്ങളിൽ 101 സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. അതിൽ 13 എണ്ണം കൺസ്യൂമർ സംഘങ്ങളും 88 എണ്ണം ക്രഡിറ്റ് സംഘങ്ങളുമാണ്. പുതുതായി സഹകരണസംഘം രജിസ്റ്റർ ചെയ്യാൻ ചട്ടപ്രകാരം അപേക്ഷ ലഭിച്ചാൽ അവയ്ക്ക് പ്രവർത്തനക്ഷമത പരിശോധിച്ച് രജിസ്ട്രേഷൻ നൽകുന്നതാണ്.

സഹകരണസ്ഥാപനങ്ങളിലെ അഴിമതി തടയുവാനുള്ള നടപടി

170 (950)ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സഹകരണ സ്ഥാപനങ്ങളിലെ അഴിമതി തടയുവാൻ ഏതെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) അഴിമതിയുടെ പേരിൽ ഏതെല്ലാം സ്ഥാപനങ്ങളിലെ ഭരണസമിതി പിരിച്ചുവിട്ടു എന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം സ്ഥാപനങ്ങളിൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് നൽകിയെന്ന് വ്യക്തമാക്കുമോ;

(ഡി) വിജിലൻസ് റിപ്പോർട്ട് കിട്ടിയിട്ടും നടപടി എടുക്കുവാൻ സാധിക്കാത്ത സ്ഥിതി എവിടെയെങ്കിലുമുണ്ടോ;

(ഇ) വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് നൽകിയാൽ ഒരു വർഷം കഴിഞ്ഞ് അന്വേഷണം പൂർത്തിയാക്കാത്ത എത്ര കേസ്സുകൾ ഉണ്ടെന്നും അത് ഏതെല്ലാം സ്ഥാപനങ്ങളെക്കുറിച്ചുള്ളവയാണെന്നും വ്യക്തമാക്കുമോ;

(എഫ്) വിജിലൻസ് അന്വേഷണം നീണ്ടുപോകുന്നത് പ്രസ്തുത സഹകരണ സ്ഥാപനങ്ങളുടെ താൽപ്പര്യത്തിന് വിരുദ്ധമാകയാൽ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കുവാൻ നിർദ്ദേശം നൽകുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) വകുപ്പുതലത്തിലുള്ള അന്വേഷണങ്ങളും പരിശോധനകളും ഫലപ്രദമായി നടത്താനും ആഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഗുരുതരമായ ക്രമക്കേടുകൾ കാണുന്ന സ്ഥാപനങ്ങളെക്കുറിച്ച് അന്വേഷണത്തിന് സഹകരണ വകുപ്പിലെ വിജിലൻസ് വിഭാഗത്തെയും പോലീസ്/വിജിലൻസ് വകുപ്പിനെയും ഏർപ്പെടുത്താറുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി)-(ഇ) വിവരം ആഭ്യന്തര/വിജിലൻസ് വകുപ്പിൽനിന്നും ശേഖരിച്ചുവരുന്നു.

(എഫ്) ആഭ്യന്തര/വിജിലൻസ് വകുപ്പുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly